LIBRARY ARCHIVES Kerala Legislative Assembly

ആദൂർ കശുമാവ് തോട്ടത്തിലെ കശുമാവ് തൈകൾ വിതരണം

92 [2061] ശ്രീ. കെ. സി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന കാസർഗോഡ് ജില്ലയിലെ ആദൂർ കശുമാവ് സന്തതി തോട്ടത്തിൽ ലക്ഷക്കണക്കിനു കശുമാവിൻ തൈകൾ വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തൈകൾ വിതരണം ചെയ്യാത്തതിനുള്ള കാരണം എന്താണെന്നു വിശദമാക്കാമോ;

(സി) തൈകൾ വിതരണം ചെയ്യുന്നതിനു എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൈകൾ വിതരണം ചെയ്യുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ തീരുമാനം

93 [2062] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. ജോസഫ് എം. പുതുശ്ശേരി:

,, തോമസ് ഉണ്ണിയാടൻ:

,, സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തിൽ വിവിധ കൃഷി വായ്പകൾക്കായി ആറായിരത്തിൽപ്പരം കോടി രൂപ അനുവദിക്കുവാനുള്ള സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ തീരുമാനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വായ്പതുക സാധാരണക്കാരായ കൃഷിക്കാരുടെ അഭിവൃദ്ധിക്കുവേണ്ടി ലഭ്യമാക്കാനുള്ള നടപടി സർക്കാർ തലത്തിൽ കൈക്കൊള്ളുമോ;

(സി) ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ബാങ്കുകൾക്ക് നൽകുമോ;

(ഡി) കാർഷികാവശ്യത്തിനു നൽകുന്ന വായ്പകൾ ദീർഘകാലാടിസ്ഥാനത്തിൽ വിളവെടുക്കപ്പെടുന്ന കാർഷിക വിളകൾക്ക് കുറഞ്ഞ പലിശനിരക്കോടെ ആദ്യ ഗഡു ഉൽപ്പാദനകാലം മുതൽ അടച്ചാൽ മതിയെന്ന വ്യവസ്ഥ ബാങ്കുകളുമായുള്ള ഉടമ്പടിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനതല ബാങ്കേഴ്സ് കമ്മറ്റി 2004-2005 വർഷത്തിൽ ചുരുങ്ങിയത് 6300 കോടി രൂപ കാർഷിക മേഖലയ്ക്ക് വായ്പ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങൾക്കൂടി പരിഗണിച്ച് കമ്മിറ്റി താഴെ പറയുന്ന ചില പ്രധാന തീരുമാനങ്ങളും എടുത്തിട്ടുണ്ട്.